പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 13 — 12.01.2021 -ൽ മറുപടിക്ക്

## വിശപ്പ് രഹിത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി .എസ് .ജയലാൽ**<br>**ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ. വി. ആർ. സുനിൽ കുമാർ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) 'വിശപ്പ് രഹിത കേരളം' പദ്ധതി നിലവിൽ എവിടെയൊക്കെ നടപ്പാക്കുന്നുണ്ടെന്നറിയിക്കുമോ; | (എ) ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലാണ് നിലവിൽ വിശപ്പ് രഹിത കേരളം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) ഈ പദ്ധതി കേരളം മുഴുവൻ വ്യാപിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; | (ബി) ഈ പദ്ധതിയുടെ കീഴിൽ സുഭിക്ഷ ഉച്ചഭക്ഷണ ശാലകൾ ആവശ്യകതയുള്ള എല്ലാ ജില്ലകളിലും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് 13.10.2020 ലെ 310/2020/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ/ സഹകരണ സംഘങ്ങൾ തുടങ്ങിയവരുമായി സഹകരിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സുഭിക്ഷ ഹോട്ടലുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. സ്ഥലത്തെ ജനപ്രതിനിധികളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് എവിടെയൊക്കെ മൊബൈൽ റേഷൻ കടകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (സി) സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിലെ അമല, അയിർമകൾ, പോത്തോട്, ആനക്കൽ, കുന്നത്തേരി, റ്റ്ലാവിള, പ്ലാത്ത്, എരുമ്പിയാട്, മണ്ണാംകോണം, പൊടിയം, വലിപ്പാറ, ചോനപ്പാറ എന്നിവിടങ്ങളിലും പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിലെ ചാലക്കയം, ളാഹ, പ്ലാപ്പള്ളി, പമ്പ, ഒലിക്കല്ല്, വെളുംപ്ലാവ്, അടിച്ചിപ്പുഴ, കോന്നി താലൂക്കിലെ |

കട്ടാത്തി എന്നിവിടങ്ങളിലും എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിലെ തേര, ഉരിയംപെട്ടി, വരിയം എന്നിവിടങ്ങളിലും ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിലെ പതിപ്പള്ളി, മേമുട്ടം, കപ്പക്കാനം, ഉരുമ്പുള്ള എന്നിവിടങ്ങളിലും തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിലെ മണിയംകിണർ, ഓലക്കര, താമര വെള്ളച്ചാൽ എന്നിവിടങ്ങളിലും ചാലക്കുടി താലൂക്കിലെ ഷോളയാർ, ആനക്കയം, തവളക്കുഴിപ്പാറ, വാഴച്ചാൽ, വാച്ചുമരം, മുക്കമ്പുഴ, പൊകലപ്പാറ, പെരിങ്ങൽക്കുത്ത് എന്നിവിടങ്ങളിലും പാലക്കാട് ജില്ലയിലെ മണ്ണാർകാട് താലൂക്കിലെ ആനവാഴ്, ഇടുക്കി, ഗാലസി, കടുക് മണ്ണ കിണറ്റുകര, മുരുകല, ഉൗതയാർ, എടവണി, തടിക്കുണ്ട് എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ മുണ്ടക്കടവ്, നെടുംകയം, അമ്പുമല, ഉച്ചക്കുളം എന്നിവിടങ്ങളിലും വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ ഭൂതാനം, മാനന്തവാടി താലൂക്കിലെ ചുരുളി എന്നീ ഒറ്റപ്പെട്ടു കിടക്കുന്ന ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനു വേണ്ടി മൊബൈൽ റേഷൻ കടകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

(ഡി) മൊബൈൽ റേഷൻ കടകൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) മറ്റു ജില്ലകളിലെ ആദിവാസി ഊരുകളിൽ ആവശ്യകത ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ടി ജില്ലകളിലും സഞ്ചരിക്കുന്ന റേഷൻകട പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

(ഇ) പട്ടിക വർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന മേഖലകളിൽ മൊബൈൽ റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഇ) പട്ടിക വർഗ്ഗക്കാരായ ആദിവാസികൾ വസിക്കുന്ന ഗതാഗത സൗകര്യങ്ങൾ കുറവുള്ളതും നിലവിലെ റേഷൻ കടകളിൽ നിന്നും അകന്ന് ഒറ്റപ്പെട്ട് കിടക്കുന്ന ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നല്കുന്നതിനാണ് മൊബൈൽ റേഷൻ കടകൾ പ്രവർത്തിച്ചു വരുന്നത്

സെക്ഷൻ ഓഫീസർ